(ബി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായമായി 343142 വക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2638.92 ലക്ഷം രൂപ 2,47,492 കർഷകർക്ക് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. വിളനഷ്ടം സംബന്ധിച്ച ഹീൽഡ് പരിശോധനകൾ നടത്തിവരികയാണ്. അർഹരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 25% കൂടുതൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് വീണ്ടും വിള ഇറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യ നിരക്കിൽ നൽകിവരുന്നു.

മഞ്ചേരി മണ്ഡലത്തിൽ അനുവദിച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

13 [1423] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ഈ വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്ന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തുക അനുവദിക്കാത്തത് എന്തുകൊണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ—സി) വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നത് മണ്ഡലാടിസ്ഥാനത്തിലല്ല. 2004-05 സാമ്പത്തിക വർഷം മലപ്പുറം ജില്ലയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി തുക അനുവദിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാനത്ത് നിലവിലിരുന്ന കടുത്ത വരൾച്ച നേരിടുന്നതിനായി അനുവദിക്കാവുന്ന തുകയുടെ ഭൂരിഭാഗവും വരൾച്ചാ ദുരിതാശ്വാസത്തിനായാണ് ജില്ലകൾക്ക് അനുവദിച്ചത്. വോട്ട് ഓൺ അക്കൗണ്ട് കാലഘട്ടത്തിൽ അനുവദിക്കാവുന്ന പരിധി കഴിഞ്ഞതിനാലാണ് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി തുക അനുവദിക്കാൻ കഴിയാതിരുന്നത്. ഫുൾ ബഡ്ജറ്റ് പാസ്സാകുന്ന മുറയ്ക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായും തുക അനുവദിക്കാൻ കഴിയും.

കാലവർഷക്കെടുതി, വരൾച്ചാദുരിതാശ്വാസം എന്നിവയ്ക്ക് ലഭിച്ച കേന്ദ്രസഹായം

14 [1424] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതികൾക്ക് എത്ര രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു എന്നും എത്ര രൂപയുടെ സഹായം ഓരോ വർഷം വച്ചു എന്നും വെവ്വേറെ വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly